(ബി) ഇതിൽ എത്ര രൂപ കേരള സർവ്വകലാശാല സർക്കാരിന് നൽകിയിട്ടുണ്ട്;

(സി) കേരള സർവ്വകലാശാലയിലെ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ആഫീസിന്റെ രൂപവൽക്കരണത്തിനായി 1997-98, 1998-99, 1999-2000 കാലയളവിൽ എത്ര രൂപ ചെലവായിട്ടുണ്ട്;

(ഡി) കേരള സർവ്വകലാശാലയിലെ ലോക്കൽഫണ്ട് ആഡിറ്റ് ഓഫീസ് ജീവനക്കാർക്ക് യാത്രാബത്ത കൃത്യമായി നൽകി വരുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ എത്ര നാളായാണ് കുടിശ്ശിക വരുത്തിയിട്ടുള്ളത്;

(എഫ്) ഈ ഇനത്തിൽ ജീവനക്കാർക്ക് ആകെ എത്ര രൂപയാണ് നൽകുവാനായിട്ടുള്ളത്;

(ജി) വളരെ വലിയ തുക ഓഡിറ്റ് ഫീസ് ഇനത്തിൽ സർവ്വകലാശാലയുടെ പക്കൽനിന്നും ഈടാക്കിയിട്ടും ജീവനക്കാരുടെ യാത്രാബത്ത ഇനത്തിൽ ഇത്രമാത്രം കുടിശ്ശിക ഉണ്ടായത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ യാത്രാബത്ത കുടിശ്ശിക ജീവനക്കാർക്ക് നൽകുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഓഡിറ്റ് പൂർത്തിയാക്കിയ 1997-98 വർഷത്തേയ്ക്കുള്ള ഓഡിറ്റ് ഫീസായ 35,89,626/- രൂപ കേരള സർവ്വകലാശാല ഗവൺമെന്റിലേയ്ക്ക് അടയ്ക്കുവാനുണ്ട്. 1998-99, 99-2000 സാമ്പത്തിക വർഷങ്ങളിലെ ആഡിറ്റ് പൂർത്തിയായിട്ടില്ല.

(ബി) ഇതുവരെ തുക ഒന്നും അടച്ചിട്ടില്ല.

(സി) 1997-98 വർഷത്തിൽ 13,39,953 രൂപയും, 1998-99-ൽ 17,37,03 രൂപയും, 1999-2000 (1/2000 വരെ) -ൽ 15,99,608/- രൂപയും ചെലവായിട്ടുണ്ട്.

(ഡി) യാത്രാബത്ത 11/98 മുതൽ കൃത്യമായി നല്കാൻ കഴിഞ്ഞിട്ടില്ല.

(ഇ) 11/98 മുതൽ യാത്രാബത്ത കുടിശ്ശിക വന്നിട്ടുണ്ട്.

(എഫ്) 31.8.1999 വരെ യാത്രാപ്പടിയിനത്തിൽ 63,409/- രൂപ നൽകാനുണ്ട്.

(ജി) യാത്രാബത്തയിനത്തിൽ അലോട്ട്മെന്റ് അപര്യാപ്തമായിരുന്നതിനാലാണ് യാത്രാബത്ത കുടിശ്ശികയുണ്ടായത്.

(എച്ച്) കുടിശ്ശിക കൊടുത്ത് തീർക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

24 (334) കാംപ്കോയ്ക്ക് വില്പന നികുതി ഇളവ്

ശ്രീ. കെ.സി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊക്കോ സംഭരിക്കുന്ന മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയായ കാംപ്കോയ്ക്ക് വില്പനനികുതിയിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; അനുവദിച്ചിട്ടുണ്ടെങ്കിൽ എന്നുവരെ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാംപ്കോയ്ക്ക് പുതിയതായി കൊക്കോ സംഭരണത്തിന് എന്ന് മുതലാണ് വില്പനനികുതി ഏർപ്പെടുത്തിയതെന്നും നികുതി എത്ര ശതമാന മാണെന്നും വ്യക്തമാക്കുമോ;

(സി) ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ നികുതി ഘടന ഏകീകരി ക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ കർണാടക നൽകുന്നതുപോലെ കാംപ്കോയ്ക്ക് വില്പന നികുതി ആനുകൂല്യം നല്കാൻ ഉദ്ദേശിക്കു ന്നുണ്ടോ?

ഉത്തരം

(എ) മൾട്ടി സ്റ്റേറ്റ് കോപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കോപ്പറേറ്റീവ് സൊസൈറ്റികൾ വാങ്ങുന്ന കൊക്കോ പ്രോസസിംഗ് സർക്കാർ നോട്ടിഫിക്കേഷൻ എസ്.ആർ. ഒ.നം. 487/98 പ്രകാരം നികുതി ഒഴിവ് അനുവദിച്ചിരുന്നു. പ്രസ്തുത ഒഴിവ് 1.4.97 മുതൽ 31.12.99 വരെ യായിരുന്നു.

(ബി) കാംപ്കോയ്ക്ക് മാത്രമായി നികുതി ചുമത്തിയിട്ടില്ല. 1.1.2000 മുതൽ കൊക്കോയുടെ നികുതി 8 ശതമാനമാണ്.

(സി) കർണ്ണാടക സംസ്ഥാനത്തിൽ കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

25 (335) സമ്പദ് വളർച്ചാ ശതമാനം

ശ്രീ. കെ.സി വേണുഗോപാൽ :

ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഓരോ ബഡ്ജറ്റ് അവത രിപ്പിക്കുമ്പോഴും എത്ര ശതമാനം വീതം സമ്പദ് വളർച്ചയ്ക്ക് ലക്ഷ്യമിട്ടിരുന്നു;

(ബി) അതിൽ ഓരോ വർഷവും എത്ര ശതമാനം വീതം സമ്പദ് വളർച്ച ഉണ്ടായതായി കണക്കാക്കപ്പെടുന്നു;

(സി) ഇത്രയും സമ്പദ് വളർച്ച ഉണ്ടായി എന്നതിനുള്ള തെളിവ് എന്തെ ല്ലാമാണ്?

ഉത്തരം

(എ) ഒൻപതാം പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നതിനുസൃത മായി ഓരോ വർഷവും 7 ശതമാനം വളർച്ചാ നിരക്ക് കൈവരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

(ബി) 1980-81 അടിസ്ഥാന വർഷമായി കണക്കാക്കിയാൽ 1997-98 6.6 ശതമാനം വളർച്ചാ നിരക്ക് കൈവരിച്ചിരുന്നു. ഡി.എസ്.ഒ.യുടെ നിർദ്ദേശ പ്രകാരം സംസ്ഥാന സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് സംസ്ഥാന ത്തിന്റെ ആഭ്യന്തര ഉത്പാദനം സംബന്ധിച്ച് 1993-94 അടിസ്ഥാന വർഷമായി തയ്യാറാക്കിയ കണക്കുകളനുസരിച്ച് 1996-97ൽ 4.7 ശതമാനത്തിന്റെയും, 1997 -98ൽ 4.8 ശതമാനത്തിന്റെയും, 1998-99ൽ 5.5 ശതമാനത്തിന്റെയും, സമ്പദ് വളർച്ച കൈവരിച്ചിട്ടുണ്ട്. 1999-2000-ാമാണ്ടിലെ കണക്ക് ലഭ്യമല്ല.

(സി) 1993-94 അടിസ്ഥാന വർഷമായി കണക്കാക്കിയാൽ സംസ്ഥാന ത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം 1995-96-ൽ 30302.47 കോടി രൂപയായി

LIBRARY ARCHIVES Kerala Legislative Assembly